പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 281

# 2025-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (3-ാം നമ്പർ) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2025

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 281

# 2025-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (3-ാം നമ്പർ) ബിൽ

1027/2025.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 281

# 2025-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (3-ാം നമ്പർ) ബിൽ

1971-ലെ കേരള കാർഷിക സർവ്വകലാശാല ആക്റ്റും 1974-ലെ കേരള സർവ്വകലാശാല ആക്റ്റും 1975-ലെ കാലിക്കറ്റ് സർവ്വകലാശാല ആക്റ്റും 1985-ലെ മഹാത്മാഗാന്ധി സർവ്വകലാശാല ആക്റ്റും 1994-ലെ ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല ആക്റ്റും 1996-ലെ കണ്ണൂർ സർവ്വകലാശാല ആക്റ്റും 2010-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല ആക്റ്റും 2010-ലെ ആരോഗ്യശാസ്ത്ര സർവ്വകലാശാല ആക്റ്റും വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—കേരള കാർഷിക സർവ്വകലാശാല ആക്റ്റും (1971-ലെ 33), 1974-ലെ കേരള സർവ്വകലാശാല ആക്റ്റും (1974-ലെ 17) 1975-ലെ കാലിക്കറ്റ് സർവ്വകലാശാല ആക്റ്റും (1975-ലെ 5) 1985-ലെ മഹാത്മാഗാന്ധി സർവ്വകലാശാല ആക്റ്റും (1985-ലെ 12) 1994-ലെ ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല ആക്റ്റും (1994-ലെ 5) 1996-ലെ കണ്ണൂർ സർവ്വകലാശാല ആക്റ്റും (1996-ലെ 22) 2010-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല ആക്റ്റും (2011-ലെ 3) 2010-ലെ ആരോഗ്യശാസ്ത്ര സർവ്വകലാശാല ആക്റ്റും (2011-ലെ 4) ഇനിപ്പറയുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിയാറാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2025-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (3-ാം നമ്പർ) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. 1971-ലെ 33-ാം ആക്റ്റിനുള്ള ഭേദഗതി.—971-ലെ കേരള കാർഷിക സർവ്വകലാശാല ആക്റ്റിൽ (1971-ലെ 33), 16-ാം വകുപ്പിന് ശേഷം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:

"16 എ. എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ യോഗം.—എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ ഒരു യോഗം ഏറ്റവും കുറഞ്ഞത് രണ്ടു മാസത്തിൽ ഒരിക്കലെങ്കിലും വൈസ്-ചാൻസലർ വിളിച്ച് ചേർക്കേണ്ടതാണ്:

എന്നാൽ, അതിന്റെ ആകെയുള്ള അംഗങ്ങളിൽ മൂന്നിലൊന്ന് അംഗങ്ങൾ രേഖാമൂലം അഭ്യർത്ഥിക്കുന്നപക്ഷം ഏഴു ദിവസത്തിനുള്ളിൽ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ ഒരു യോഗം വൈസ്-ചാൻസലർ വിളിച്ച് ചേർക്കേണ്ടതാണ്.".

3. 1974-ലെ 17-ാം ആക്റ്റിനുള്ള ഭേദഗതി.—1974-ലെ കേരള സർവ്വകലാശാല ആക്റ്റിൽ (1974-ലെ 17), 23 എ വകുപ്പിന് ശേഷം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"23 ബി. സിൻഡിക്കേറ്റിന്റെ യോഗം.—സിൻഡിക്കേറ്റിന്റെ ഒരു യോഗം ഏറ്റവും കുറഞ്ഞത് രണ്ടു മാസത്തിൽ ഒരിക്കലെങ്കിലും വൈസ്-ചാൻസലർ വിളിച്ച് ചേർക്കേണ്ടതാണ്:

എന്നാൽ, അതിന്റെ ആകെയുള്ള അംഗങ്ങളിൽ മൂന്നിലൊന്ന് അംഗങ്ങൾ രേഖാമൂലം അഭ്യർത്ഥിക്കുന്നപക്ഷം ഏഴു ദിവസത്തിനുള്ളിൽ സിൻഡിക്കേറ്റിന്റെ ഒരു യോഗം വൈസ്-ചാൻസലർ വിളിച്ച് ചേർക്കേണ്ടതാണ്.".

4. 1975-ലെ 5-ാം ആക്റ്റിനുള്ള ഭേദഗതി.—1975-ലെ കാലിക്കറ്റ് സർവ്വകലാശാല ആക്റ്റിൽ (1975-ലെ 5), 23 എ വകുപ്പിന് ശേഷം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"23 ബി. സിൻഡിക്കേറ്റിന്റെ യോഗം.—സിൻഡിക്കേറ്റിന്റെ ഒരു യോഗം ഏറ്റവും കുറഞ്ഞത് രണ്ടു മാസത്തിൽ ഒരിക്കലെങ്കിലും വൈസ്-ചാൻസലർ വിളിച്ച് ചേർക്കേണ്ടതാണ്:

എന്നാൽ, അതിന്റെ ആകെയുള്ള അംഗങ്ങളിൽ മൂന്നിലൊന്ന് അംഗങ്ങൾ രേഖാമൂലം അഭ്യർത്ഥിക്കുന്നപക്ഷം ഏഴു ദിവസത്തിനുള്ളിൽ സിൻഡിക്കേറ്റിന്റെ ഒരു യോഗം വൈസ്-ചാൻസലർ വിളിച്ച് ചേർക്കേണ്ടതാണ്.".

5. 1985-ലെ 12-ാം ആക്റ്റിനുള്ള ഭേദഗതി.—1985-ലെ മഹാത്മാഗാന്ധി സർവ്വകലാശാല ആക്റ്റിൽ (1985-ലെ 12), 23-ാം വകുപ്പിന് ശേഷം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"23 എ. സിൻഡിക്കേറ്റിന്റെ യോഗം.—സിൻഡിക്കേറ്റിന്റെ ഒരു യോഗം ഏറ്റവും കുറഞ്ഞത് രണ്ടു മാസത്തിൽ ഒരിക്കലെങ്കിലും വൈസ്-ചാൻസലർ വിളിച്ച് ചേർക്കേണ്ടതാണ്:

എന്നാൽ, അതിന്റെ ആകെയുള്ള അംഗങ്ങളിൽ മൂന്നിലൊന്ന് അംഗങ്ങൾ രേഖാമൂലം അഭ്യർത്ഥിക്കുന്നപക്ഷം ഏഴ് ദിവസത്തിനുള്ളിൽ സിൻഡിക്കേറ്റിന്റെ ഒരു യോഗം വൈസ്-ചാൻസലർ വിളിച്ച് ചേർക്കേണ്ടതാണ്.".

6. 1994-ലെ 5-ാം ആക്റ്റിനുള്ള ഭേദഗതി.—1994-ലെ ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല ആക്റ്റിൽ (1994-ലെ 5), 15-ാം വകുപ്പിലെ (1)-ാം ഉപവകുപ്പിന് ശേഷം താഴെപ്പറയുന്ന ക്ലിപ്തനിബന്ധന ചേർക്കേണ്ടതാണ്, അതായത്:—

"എന്നാൽ, അതിന്റെ ആകെയുള്ള അംഗങ്ങളിൽ മൂന്നിലൊന്ന് അംഗങ്ങൾ രേഖാമൂലം അഭ്യർത്ഥിക്കുന്നപക്ഷം ഏഴ് ദിവസത്തിനുള്ളിൽ സിൻഡിക്കേറ്റിന്റെ ഒരു യോഗം വൈസ്-ചാൻസലർ വിളിച്ച് ചേർക്കേണ്ടതാണ്.".

7. 1996-ലെ 22-ാം ആക്റ്റിനുള്ള ഭേദഗതി.—1996-ലെ കണ്ണൂർ സർവ്വകലാശാല ആക്റ്റിൽ (1996-ലെ 22), 25-ാം വകുപ്പിന് ശേഷം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"25 എ. സിൻഡിക്കേറ്റിന്റെ യോഗം.—സിൻഡിക്കേറ്റിന്റെ ഒരു യോഗം ഏറ്റവും കുറഞ്ഞത് രണ്ടു മാസത്തിൽ ഒരിക്കലെങ്കിലും വൈസ്-ചാൻസലർ വിളിച്ച് ചേർക്കേണ്ടതാണ്:

എന്നാൽ, അതിന്റെ ആകെയുള്ള അംഗങ്ങളിൽ മൂന്നിലൊന്ന് അംഗങ്ങൾ രേഖാമൂലം അഭ്യർത്ഥിക്കുന്നപക്ഷം ഏഴ് ദിവസത്തിനുള്ളിൽ സിൻഡിക്കേറ്റിന്റെ ഒരു യോഗം വൈസ്-ചാൻസലർ വിളിച്ച് ചേർക്കേണ്ടതാണ്.".

8. 2011-ലെ 3-ാം ആക്റ്റിനുള്ള ഭേദഗതി.—2010-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല ആക്റ്റിൽ (2011-ലെ 3),—

(i) 25-ാം വകുപ്പിൽ, (2)-ാം ഉപവകുപ്പ് വിട്ടുകളയേണ്ടതാണ്;

(ii) 26-ാം വകുപ്പിന് ശേഷം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"26 എ. ബോർഡ് ഓഫ് മാനേജ്മെന്റിന്റെ യോഗം.—ബോർഡ് ഓഫ് മാനേജ്മെന്റിന്റെ ഒരു യോഗം ഏറ്റവും കുറഞ്ഞത് രണ്ടു മാസത്തിൽ ഒരിക്കലെങ്കിലും വൈസ്-ചാൻസലർ വിളിച്ച് ചേർക്കേണ്ടതാണ്:

എന്നാൽ, അതിന്റെ ആകെയുള്ള അംഗങ്ങളിൽ മൂന്നിലൊന്ന് അംഗങ്ങൾ രേഖാമൂലം അഭ്യർത്ഥിക്കുന്നപക്ഷം ഏഴു ദിവസത്തിനുള്ളിൽ ബോർഡ് ഓഫ് മാനേജ്മെന്റിന്റെ ഒരു യോഗം വൈസ്-ചാൻസലർ വിളിച്ച് ചേർക്കേണ്ടതാണ്.".

9. 2011-ലെ 4-ാം ആക്റ്റിനുള്ള ഭേദഗതി.—2010-ലെ കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാല ആക്റ്റിൽ (2011-ലെ 4), 23-ാം വകുപ്പിന് ശേഷം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"23 എ. ഗവേണിംഗ് കൗൺസിലിന്റെ യോഗം.—ഗവേണിംഗ് കൗൺസിലിന്റെ ഒരു യോഗം ഏറ്റവും കുറഞ്ഞത് രണ്ടു മാസത്തിൽ ഒരിക്കലെങ്കിലും വൈസ്-ചാൻസലർ വിളിച്ച് ചേർക്കേണ്ടതാണ്:

എന്നാൽ, അതിന്റെ ആകെയുള്ള അംഗങ്ങളിൽ മൂന്നിലൊന്ന് അംഗങ്ങൾ രേഖാമൂലം അഭ്യർത്ഥിക്കുന്നപക്ഷം ഏഴു ദിവസത്തിനുള്ളിൽ ഗവേണിംഗ് കൗൺസിലിന്റെ ഒരു യോഗം വൈസ്-ചാൻസലർ വിളിച്ച് ചേർക്കേണ്ടതാണ്.".

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

1971-ലെ കേരള കാർഷിക സർവ്വകലാശാല ആക്റ്റ് (1971-ലെ 33), 1974-ലെ കേരള സർവ്വകലാശാല ആക്റ്റ് (1974-ലെ 17), 1975-ലെ കാലിക്കറ്റ് സർവ്വകലാശാല ആക്റ്റ് (1975-ലെ 5), 1985-ലെ മഹാത്മാഗാന്ധി സർവ്വകലാശാല ആക്റ്റ് (1985-ലെ 12), 1994-ലെ ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല ആക്റ്റ് (1994-ലെ 5), 1996-ലെ കണ്ണൂർ സർവ്വകലാശാല ആക്റ്റ് (1996-ലെ 22), 2010-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല ആക്റ്റ് (2011-ലെ 3), 2011-ലെ ആരോഗ്യശാസ്ത്ര സർവ്വകലാശാല ആക്റ്റ് (2011-ലെ 4) എന്നിവയിൽ, അതതുസംഗതിപോലെ, എക്സിക്യൂട്ടീവ് കമ്മിറ്റി/സിൻഡിക്കേറ്റ്/ബോർഡ് ഓഫ് മാനേജ്മെന്റ്/ഗവേണിംഗ് കൗൺസിൽ എന്നിവയിലെ ആകെയുള്ള അംഗങ്ങളിൽ മൂന്നിലൊന്ന് അംഗങ്ങൾ രേഖാമൂലം

അഭ്യർത്ഥിക്കുന്നപക്ഷം അതിന്റെ ഒരു യോഗം വിളിച്ചുചേർക്കുന്നതിന് വൈസ്-ചാൻസലറെ അധികാരപ്പെടുത്തികൊണ്ടുള്ള ഒരു പുതിയ വ്യവസ്ഥ, ഉൾപ്പെടുത്തുന്നതിന് സർക്കാർ തീരുമാനിച്ചു.

2. മേല്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും യാതൊരു അധികചെലവും ഉണ്ടാകുന്നതല്ല.

ഡോ. ആർ. ബിന്ദു.

(ശരിത്തർജ്ജമ)

# 1971-ലെ കേരള കാർഷിക സർവ്വകലാശാല ആക്റ്റിൽ നിന്നുള്ള പ്രസക്തഭാഗങ്ങൾ (1971-ലെ 33)

** ** ** **

16. എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അധികാരങ്ങൾ.—ഈ ആക്റ്റിലേയും പരിനിയമങ്ങളിലേയും വ്യവസ്ഥകൾക്ക വിധേയമായി സർവ്വകലാശാലയുടെ വകയായുള്ള സ്ഥാപനങ്ങളുടെ മേലുള്ള പൊതുവായ മേൽനോട്ടവും നിയന്ത്രണവും ഉൾപ്പെടെ സർവ്വകലാശാലയുടെ നിർവ്വഹണാധികാരം എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ നിക്ഷിപ്ത മായിരിക്കുന്നതും, അതേ പ്രകാരത്തിൽ വിധേയമായി കമ്മിറ്റിക്ക് താഴെപ്പറയുന്ന അധികാരങ്ങൾ ഉണ്ടായിരിക്കുന്നതുമാണ്, അതായത്:—

(എ) ഓർഡിനൻസുകൾ ഉണ്ടാക്കുകയും അവ ഭേദഗതി ചെയ്യുകയോ റദ്ദാക്കുകയോ ചെയ്യുകയും ചെയ്യുക;

(ബി) ജനറൽ കൗൺസിലിന്റെ പരിഗണനയ്ക്കായി പരിനിയമങ്ങൾ നിർദ്ദേശിക്കുക;

(സി) സർവ്വകലാശാലയുടെ വക വസ്തുക്കളും ഫണ്ടുകളും കൈവശം വയ്ക്കുകയും നിയന്ത്രിക്കുകയും നോക്കിനടത്തുകയും ചെയ്യുക;

(ഡി) സർവ്വകലാശാലയുടെ പൊതുമുദ്രയുടെ രൂപവും സൂക്ഷിപ്പും ഉപയോഗവും നിർദ്ദേശിക്കുക;

(ഇ) കോളേജുകളുടെയും ഹോസ്റ്റലുകളുടെയും മറ്റു സ്ഥാപനങ്ങളുടെയും പരിശോധനയ്ക്ക് ഏർപ്പാട് ചെയ്യുകയും നിർദ്ദേശം കൊടുക്കുകയും ചെയ്യുക;

(എഫ്) കോളേജുകളും ഗവേഷണ സ്ഥാപനങ്ങളും അതതുസമയം അതിന് ആവശ്യമെന്ന് തോന്നുന്ന ഉപരിപഠനത്തിനുള്ള മറ്റ് സ്ഥാപനങ്ങളും സ്ഥാപിക്കുകയും സംരക്ഷിക്കുകയും നോക്കിനടത്തുകയും ചെയ്യുക;

(ജി) സർവ്വകലാശാലാദ്ധ്യാപകൻമാരേയും മറ്റ് ജീവനക്കാരേയും നിയമിക്കുകയും അവരുടെ കർത്തവ്യങ്ങൾ നിർണ്ണയിക്കുകയും ചെയ്യുക;

(എച്ച്) ഭരണപരമായ തസ്തികകൾ മിനിസ്റ്റീരിയൽ തസ്തികകൾ ആവശ്യമുള്ള മറ്റ് തസ്തികകൾ എന്നിവ സൃഷ്ടിക്കുക;

(ഐ) സർവ്വകലാശാലയിലെ അദ്ധ്യാപകരേയും മറ്റ് ജീവനക്കാരേയും അവർക്ക് അവരുടെ നില പരിരക്ഷിക്കുന്നതിന് ന്യായമായ അവസരം നൽകിയശേഷം സസ്പെൻഡ് ചെയ്യുകയോ പരിച്ചവിടുകയോ ഡിസ്മിസ്സ് ചെയ്യുകയോ അല്ലെങ്കിൽ അവർക്കെതിരെ മറ്റുവിധത്തിൽ ശിക്ഷണ നടപടികൾ എടുക്കുകയോ ചെയ്യുക;

(ജെ) ഫെല്ലോഷിപ്പുകളും, സ്കോളർഷിപ്പുകളും, സ്റ്റുഡന്റ്ഷിപ്പുകളും നൽകുക;

(കെ) വിദ്യാർത്ഥികളുടെ താമസം, അച്ചടക്കം എന്നിവ സംബന്ധിച്ച് മേലന്വേഷണവും നിയന്ത്രണവും നടത്തുക;

(എൽ) ഈ ആവശ്യാർത്ഥം ഉണ്ടാക്കിയിട്ടുള്ള പരിനിയമങ്ങളിലെ വ്യവസ്ഥകളനുസരിച്ച് സർവ്വകലാശാലയുടെ ധനപരമായ എസ്റ്റിമേറ്റുകൾ പരിഗണിക്കുകയും അവ ജനറൽ കൗൺസിലിന് സമർപ്പിക്കുകയും ചെയ്യുക;

(എം) സർവ്വകലാശാല പരീക്ഷകൾ നടത്തുകയും അവയുടെ ഫലങ്ങൾ അംഗീകരിക്കുകയും പ്രസിദ്ധപ്പെടുത്തുകയും ചെയ്യുക;

(എൻ) പഠനബോർഡുകളിൽ അംഗങ്ങളെ നിയമിക്കുക;

(ഒ) പരീക്ഷകൻമാരുടെ ഒരു പാനൽ അംഗീകരിക്കുകയും അവർക്ക് പ്രതിഫലം നിശ്ചയിക്കുകയും ചെയ്യുക;

(പി) അതിന്റെ അധികാരങ്ങളിലേതെങ്കിലും വൈസ്-ചാൻസലർക്കോ അതിലെ അംഗങ്ങളുടെ ഇടയിൽനിന്ന് നിയമിച്ചിട്ടുള്ള ഒരു കമ്മറ്റിക്കോ ഏൽപിച്ചു കൊടുക്കുക;

(ക്യൂ) ഏതെങ്കിലും സർവ്വകലാശാല പരീക്ഷയിൽ ഏതെങ്കിലും അപേക്ഷകന്റെ പരീക്ഷാഫലം തടഞ്ഞുവയ്ക്കുകയോ റദ്ദാക്കുകയോ ചെയ്യുക;

(ആർ) ദാനസ്വത്തുക്കളും ഒസ്യത്തുകളും സംഭാവനകളും സർവ്വകലാശാല സ്ഥാവരമോ ജംഗമമോ ആയ വസ്തുക്കളുടെ കൈമാറ്റങ്ങളും അതിനുവേണ്ടി സ്വീകരിക്കുക; എന്നാൽ അപ്രകാരമുള്ള എല്ലാ ദാനസ്വത്തുക്കൾ, ഒസ്യത്തുകൾ, സംഭാവനകൾ, കൈമാറ്റങ്ങൾ, എന്നിവയെപ്പറ്റിയെല്ലാം ജനറൽ കൗൺസിലിന് അതിന്റെ അടുത്ത യോഗത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്;

(എസ്സ്) ഈ ആക്റ്റും പരിനിയമങ്ങളും ഓർഡിനൻസുകളും മൂലം നിർണ്ണയിക്കപ്പെടാവുന്ന മറ്റ് അധികാരങ്ങൾ വിനിയോഗിക്കുകയും മറ്റ് കർത്തവ്യങ്ങൾ നിർവ്വഹിക്കുകയും ചെയ്യുക.

** ** ** **

# 1974-ലെ കേരള സർവ്വകലാശാല ആക്റ്റിൽ നിന്നുള്ള പ്രസക്തഭാഗങ്ങൾ

# (1974-ലെ 17)

** ** ** **

23 എ. സിൻഡിക്കേറ്റിന്റെ പ്രത്യേക അധികാരം.—ഈ ആക്റ്റിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, സെനറ്റിന്റെ പുനർരൂപീകരണം വരെ, സിൻഡിക്കേറ്റ് 19-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരമുള്ള പുനഃപരിശോധനാധികാരം ഒഴികെ, സെനറ്റിനുള്ള എല്ലാ അധികാരങ്ങളും വിനിയോഗിക്കേണ്ടതും എല്ലാ കർത്തവ്യങ്ങളും നിർവ്വഹിക്കേണ്ടതുമാണ്.

** ** ** **

# 1975-ലെ കാലിക്കറ്റ് സർവ്വകലാശാല ആക്റ്റിൽ നിന്നുള്ള പ്രസക്തഭാഗങ്ങൾ (1975-ലെ 5)

** ** ** **

23 എ. സിൻഡിക്കേറ്റിന്റെ പ്രത്യേക അധികാരം.—ഈ ആക്റ്റിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, സെനറ്റിന്റെ പുനർരൂപീകരണം വരെ, സിൻഡിക്കേറ്റ് 19-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരമുള്ള പുനഃപരിശോധനാധികാരം ഒഴികെ, സെനറ്റിനുള്ള എല്ലാ അധികാരങ്ങളും വിനിയോഗിക്കേണ്ടതും എല്ലാ കർത്തവ്യങ്ങളും നിർവ്വഹിക്കേണ്ടതുമാണ്.

** ** ** **

# 1985-ലെ മഹാത്മാഗാന്ധി സർവ്വകലാശാല ആക്റ്റിൽ നിന്നുള്ള പ്രസക്തഭാഗങ്ങൾ (1985-ലെ 12)

** ** ** **

23. സിൻഡിക്കേറ്റിന്റെ അധികാരങ്ങൾ.—ഈ ആക്റ്റിലെയും സ്റ്റാറ്റ്യൂട്ടുകളിലെയും വ്യവസ്ഥകൾക്ക് വിധേയമായി, സർവ്വകലാശാല സ്ഥാപനങ്ങളുടെമേലുള്ള പൊതുവായ മേൽനോട്ടവും നിയന്ത്രണവും ഉൾപ്പെടെ സർവ്വകലാശാലയുടെ നിർവ്വഹണാധികാരം സിൻഡിക്കേറ്റിൽ നിക്ഷിപ്തമായിരിക്കുന്നതും, അതേപോലുള്ളതിന് വിധേയമായി സിൻഡിക്കേറ്റിന് താഴെപ്പറയുന്ന അധികാരങ്ങൾ ഉണ്ടായിരിക്കുന്നതുമാണ്, അതായത്,—

(i) ഈ ആക്റ്റിലും സ്റ്റാറ്റ്യൂട്ടുകളിലും സംയോജനം സംബന്ധിച്ച് നിർണ്ണയിക്കപ്പെട്ടിട്ടുള്ള നിബന്ധനകൾക്കും ഉപാധികൾക്കും അനുസരണമായി സ്ഥാപനങ്ങളെ സംയോജിപ്പിക്കുക;

(ii) സ്റ്റാറ്റ്യൂട്ടുകളും ഓർഡിനൻസുകളും ഉണ്ടാക്കുകയും അവ ഭേദഗതി ചെയ്യുകയോ റദ്ദാക്കുകയോ ചെയ്യുക;

(iii) [***]

(iv) സർവ്വകലാശാലയുടെ വസ്തുക്കളും ഫണ്ടുകളും കൈവശം വയ്ക്കുകയും, നിയന്ത്രിക്കുകയും, ഭരിക്കുകയും ചെയ്യുക;

(v) സർവ്വകലാശാലയുടെ പൊതുമുദ്രയുടെ രൂപവും സൂക്ഷിപ്പും ഉപയോഗവും സംബന്ധിച്ച് നിർദ്ദേശം നൽകുക;

(vi) കോളേജുകളുടെയും ഹോസ്റ്റലുകളുടെയും മറ്റു സ്ഥാപനങ്ങളുടെയും പരിശോധനയ്ക്കുള്ള ഏർപ്പാടു ചെയ്യുകയും നിർദ്ദേശം നൽകുകയും ആ ആവശ്യത്തിനായി ഒരു പരിശോധന ബോർഡ് രൂപീകരിക്കുകയും ചെയ്യുക;

(vii) അപ്പപ്പോൾ അതിന് ആവശ്യമെന്നുതോന്നുന്ന കോളേജുകളും ഗവേഷണ സ്ഥാപനങ്ങളും മറ്റ് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളും സ്ഥാപിക്കുകയും സംരക്ഷിക്കുകയും നടത്തിപ്പോരുകയും ചെയ്യുക;

(viii) സർവ്വകലാശാലാ അദ്ധ്യാപകരേയും മറ്റു ജീവനക്കാരേയും നിയമിക്കുകയും അവരുടെ കർത്തവ്യങ്ങൾ നിർണ്ണയിക്കുകയും ചെയ്യുക;

(ix) ഭരണപരവും, മിനിസ്റ്റീരിയൽപരവും മറ്റുവിധം ആവശ്യമുള്ളതുമായ തസ്തികകൾ സൃഷ്ടിക്കുക;

എന്നാൽ, ഒരു തസ്തിക സൃഷ്ടിക്കുന്നത് ബഡ്ജറ്റിൽ വ്യവസ്ഥ ചെയ്തിട്ടുള്ള തുകയിൽ കവിഞ്ഞ ചെലവ് ഉണ്ടാക്കുമെങ്കിൽ സർക്കാരിന്റെ മുൻകൂട്ടിയുള്ള അംഗീകാരം കൂടാതെ അങ്ങനെയുള്ള യാതൊരു തസ്തികയും സിൻഡിക്കേറ്റ് സൃഷ്ടിക്കുവാൻ പാടുള്ളതല്ല.

[***]

(x) സർവ്വകലാശാലയിലെ അദ്ധ്യാപകരേയും മറ്റ ജീവനക്കാരേയും അവർക്ക് പറയുവാനുള്ളത് പറയാൻ അവർക്ക് ന്യായമായ അവസരം നൽകിയതിനു ശേഷം സസ്പെന്റ് ചെയ്യുകയോ, ഡിസ്ചാർജ്ജ് ചെയ്യുകയോ ഡിസ്മിസ് ചെയ്യുകയോ അല്ലെങ്കിൽ അവർക്കെതിരായി മറ്റുവിധത്തിൽ അച്ചടക്ക നടപടി എടുക്കുകയോ ചെയ്യുക;

(xi) സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതിയോടുകൂടി സർവ്വകലാശാലയോടു സംയോജിക്കപ്പെട്ടിട്ടുള്ള കോളേജുകളിലെ വിദ്യാർത്ഥികൾ കൊടുക്കേണ്ട ഫീസ് നിശ്ചയിക്കുകയും ക്രമീകരിക്കുകയും ചെയ്യുക;

(xii) ഫെല്ലോഷിപ്പുകൾ, സ്കോളർഷിപ്പുകൾ, സ്റ്റുഡൻസ്ഷിപ്പുകൾ, ബർസറികൾ, മെഡലുകൾ, സമ്മാനങ്ങൾ എന്നിവ ഏർപ്പെടുത്തുകയും നൽകുകയും പ്രദർശനങ്ങൾ സംഘടിപ്പിക്കുകയും ചെയ്യുക;

(xiii) വിദ്യാർത്ഥികളുടെ താമസവും അച്ചടക്കവും നോക്കുകയും അവയുടെ മേലന്വേഷണവും നിയന്ത്രണവും നടത്തുകയും ചെയ്യുക;

(xiv) സർവ്വകലാശാലയുടെ ധനപരമായ എസ്റ്റിമേറ്റുകൾ പരിഗണിക്കുകയും ഇക്കാര്യത്തിലേക്കുണ്ടാക്കിയിട്ടുള്ള സ്റ്റാറ്റ്യൂട്ടുകളിലെ വ്യവസ്ഥകളനുസരിച്ച് അവ സെനറ്റിന് സമർപ്പിക്കുകയും ചെയ്യുക;

(xv) സർവ്വകലാശാല പരീക്ഷകൾ നടത്തുകയും അവയുടെ ഫലങ്ങൾ അംഗീകരിക്കുകയും പ്രസിദ്ധീകരിക്കുകയും ചെയ്യുക;

(xvi) പഠനബോർഡുകളിൽ അംഗങ്ങളെ നിയമിക്കുക;

(xvii) പരീക്ഷകൻമാരുടെ പാനൽ അംഗീകരിക്കുകയും അവരുടെ വേതനം നിശ്ചയിക്കുകയും ചെയ്യുക;

(xviii) സ്വകാര്യകോളേജുകളിലെ അദ്ധ്യാപകരുടെ നിയമനം അംഗീകരിക്കുക;

(xix) വൈസ്-ചാൻസലർക്കോ അതിലെ അംഗങ്ങളുടെ ഇടയിൽനിന്ന് നിയമിക്കപ്പെട്ട ഒരു കമ്മിറ്റിക്കോ അതിന്റെ അധികാരങ്ങളേതെങ്കിലും പ്രത്യായോജനം ചെയ്യുക;

(xx) സ്വകാര്യ കോളേജുകളുടെ കാര്യങ്ങൾ സംബന്ധിച്ച് അന്വേഷണത്തിന് ഏർപ്പാടു ചെയ്യുകയും, നിർദ്ദേശം നൽകുകയും ചെയ്യുക, അവയുടെ കാര്യക്ഷമത നിലനിർത്തുന്നതിനും അവയിലെ ജീവനക്കാർക്ക് ശരിയായ സേവന വ്യവസ്ഥകൾ ഉറപ്പുവരുത്തുന്നതിനും അവർക്ക് മതിയായ ശമ്പളം ലഭ്യമാക്കുന്നതിനും വേണ്ടി നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുക, അങ്ങനെയുള്ള നിർദ്ദേശങ്ങൾ അവഗണിക്കുന്ന സംഗതിയിൽ സംയോജനമോ അംഗീകാരമോ സംബന്ധിച്ച് വ്യവസ്ഥകൾ ഭേദഗതി ചെയ്യുകയോ ഇതിലേക്ക് യുക്തമെന്ന് അതിനുതോന്നുന്ന മറ്റ് നടപടികൾ സ്വീകരിക്കുകയോ ചെയ്യുക;

(xxi) സർവ്വകലാശാലയുടെ ഏതെങ്കിലും പരീക്ഷയിൽ ഏതെങ്കിലും വിദ്യാർത്ഥിയുടെ പരീക്ഷാഫലം തടഞ്ഞുവയ്ക്കുകയോ റദ്ദാക്കുകയോ ചെയ്യുക;

(xxii) എൻഡോവ്മെന്റുകളും, ഒസ്യത്തുകളും, സംഭാവനകളും ജംഗമമോ സ്ഥാവരമോ ആയ ഏതെങ്കിലും വസ്തുക്കളുടെ കൈമാറ്റവും സർവ്വകലാശാലയുടെ പേർക്ക് സർവ്വകലാശാലയ്ക്ക് വേണ്ടി സ്വീകരിക്കുക, എന്നാൽ അങ്ങനെയുള്ള എൻഡോവ്മെന്റുകളും ഒസ്യത്തുകളും സംഭാവനകളും കൈമാറ്റങ്ങളും സെനറ്റിലേക്ക് അതിന്റെ അടുത്ത യോഗത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

(xxiii) 5-ാം വകുപ്പിലെ (xxvii)-ാം ഖണ്ഡത്തിൻ കീഴിൽ സർവ്വകലാശാലയുടെ അധികാരങ്ങൾ പ്രയോഗിക്കുക;

(xxiv) സർവ്വകലാശാല എന്തെല്ലാം ബിരുദങ്ങളും, ഡിപ്ലോമകളും വിദ്യാസംബന്ധമായ മറ്റു ബഹുമതികളും നൽകണമെന്ന് തീരുമാനിക്കുക;

(xxv) അക്കാഡമിക് കൗൺസിൽ പാസ്സാക്കിയ ഏതെങ്കിലും റഗുലേഷൻ, സിൻഡിക്കേറ്റിലെ ആകെയുള്ള അംഗങ്ങളുടെ ഭൂരിപക്ഷവും സന്നിഹിതരാവുകയും വോട്ടുചെയ്യുകയും ചെയ്യുന്ന അംഗങ്ങളുടെ മൂന്നിൽ രണ്ട് ഭാഗത്തിൽ കുറയാത്ത ഭൂരിപക്ഷവും മൂലം റദ്ദുചെയ്യുകയോ ഭേദഗതി വരുത്തുകയോ ചെയ്യുക:

എന്നാൽ, നിർദ്ദിഷ്ട റദ്ദാക്കലിൽമേലോ ഭേദഗതിയിൻമേലോ അക്കാഡമിക് കൗൺസിലിന് അതിന്റെ അഭിപ്രായം പറയാൻ ഒരുവസരം നൽകാതെ സിൻഡിക്കേറ്റ് യാതൊരു റഗുലേഷനും റദ്ദുചെയ്യാനോ ഭേദഗതി ചെയ്യാനോ പാടുള്ളതല്ല.

(xxvi) ആവശ്യമെന്ന് കരുതുന്ന പ്രൊഫസർഷിപ്പുകൾ, റീഡർഷിപ്പുകൾ, ലക്ചറർഷിപ്പുകൾ എന്നിവയും അപ്രകാരമുള്ള മറ്റ് അദ്ധ്യാപക തസ്തികകളും അല്ലെങ്കിൽ ഗവേഷണ തസ്തികകളും ഏർപ്പെടുത്തുക:

എന്നാൽ, സിൻഡിക്കേറ്റ് യാതൊരു പ്രൊഫസർഷിപ്പോ, റീഡർഷിപ്പോ, ലക്ചറർഷിപ്പോ, അദ്ധ്യാപക ഗവേഷണ തസ്തികകളോ, അത് ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുള്ളതിൽ അധികം ചെലവു വരുന്നതാണെങ്കിൽ, സർക്കാരിന്റെ മുൻകൂട്ടിയുള്ള അംഗീകാരം കൂടാതെ ഏർപ്പെടുത്താൻ പാടുള്ളതല്ല.

(xxvii) സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതിയോടുകൂടി സർവ്വകലാശാല ജീവനക്കാരുടെ സേവനവ്യവസ്ഥകളും നിബന്ധനകളും നിർണ്ണയിക്കുക;

(xxviii) സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതിയോടുകൂടി സ്വകാര്യ കോളേജുകളിലെ അദ്ധ്യാപകരുടേയും അദ്ധ്യാപകേതര ജീവനക്കാരുടെയും ശമ്പളം ക്രമീകരിക്കുകയും അവരുടെ ചുമതലകളും സേവന വ്യവസ്ഥകളും നിർണ്ണയിക്കുകയും ചെയ്യുക;

(xxix) സ്റ്റാറ്റ്യൂട്ടുകളിലെ വ്യവസ്ഥകളനുസരിച്ച് ബജറ്റ് തയ്യാറാക്കുക;

(xxx) സ്റ്റാറ്റ്യൂട്ടുകളിലെ വ്യവസ്ഥകൾക്കനുസൃതമായി, ഏതെങ്കിലും വ്യക്തിക്ക് നൽകിയിട്ടുള്ള ഏതെങ്കിലും ബിരുദമോ ഡിപ്ലോമയോ ബഹുമതി സംജ്ഞയോ അല്ലെങ്കിൽ മറ്റേതെങ്കിലും ബഹുമതിയോ റദ്ദാക്കുക;

(xxxi) കമ്മിറ്റികളെ നിയമിക്കുകയും യുക്തമെന്ന് തോന്നുന്ന ചുമതലകൾ അവർക്ക് ഏൽപ്പിച്ചുകൊടുക്കുകയും ചെയ്യുക;

(xxxii) സർവ്വകലാശാലയുടെ അധികാരസ്ഥാനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പിന്റെ രീതി, സർവ്വകലാശാലയുടെ സെനറ്റിന്റേയും സിൻഡിക്കേറ്റിന്റേയും മറ്റു അധികാരസ്ഥാനങ്ങളുടേയും യോഗങ്ങളിലെ നടപടിക്രമം, സെനറ്റ് ഒഴികെയുള്ള സർവ്വകലാശാലയുടെ അധികാരസ്ഥാനങ്ങളിലെ കാര്യനിർവ്വഹണത്തിന് ആവശ്യമായ അംഗങ്ങളുടെ ക്വാറം എന്നിവ ക്രമീകരിക്കുന്നതിനുള്ള സ്റ്റാറ്റ്യൂട്ടുകൾ ഉണ്ടാക്കുക ;

(xxxiii) സർവ്വകലാശാലയുടെ പരിധിക്കുള്ളിലുള്ള ഏതെങ്കിലും പ്രദേശത്തെ ഒരു സർവ്വകലാശാല സെന്ററായി അംഗീകരിക്കുന്നതിന് സർക്കാരിനോട് ശുപാർശ ചെയ്യുക;

(xxxiv) നിർണ്ണയിക്കപ്പെട്ട വിധത്തിലും അങ്ങനെയുള്ള ആവശ്യങ്ങൾക്കും വേണ്ടി മറ്റ് സർവ്വകലാശാലകളുമായും മറ്റ് അധികാരസ്ഥാനങ്ങളുമായും സഹകരിക്കുക;

(xxxv) ഈ ആക്ടും സ്റ്റാറ്റ്യൂട്ടുകളും ഓർഡിനൻസുകളും ചട്ടങ്ങളും ബൈലാകളും ഉത്തരവുകളും പ്രകാരം നിർണ്ണയിക്കപ്പെടാവുന്ന മറ്റ് അധികാരങ്ങൾ വിനിയോഗിക്കുകയും മറ്റു കർത്തവ്യങ്ങൾ നിർവ്വഹിക്കുകയും ചെയ്യുക.

** ** ** **

# 1994-ലെ ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല ആക്റ്റിൽ നിന്നുള്ള പ്രസക്തഭാഗങ്ങൾ (1994-ലെ 5)

** ** ** **

15. സിൻഡിക്കേറ്റിന്റെ യോഗങ്ങൾ.—(1) സിൻഡിക്കേറ്റ് വൈസ് ചാൻസലർ നിശ്ചയിക്കുന്ന തീയതികളിൽ, രണ്ടുമാസത്തിൽ ഒരിക്കലെങ്കിലും യോഗം ചേരേണ്ടതാണ്.

** ** ** **

## 1996-ലെ കണ്ണൂർ സർവ്വകലാശാല ആക്റ്റിൽ നിന്നുള്ള പ്രസക്തഭാഗങ്ങൾ (1996-ലെ 22)

** ** ** **

25. <u>സിൻഡിക്കേറ്റിന്റെ അധികാരങ്ങൾ</u>.—ഈ ആക്റ്റിലെയും സ്റ്റാറ്റ്യൂട്ടുകളിലെയും വ്യവസ്ഥകൾക്ക് വിധേയമായി, സർവ്വകലാശാല സ്ഥാപനങ്ങളിൻമേലുള്ള സാമാന്യ മേൽനോട്ടവും നിയന്ത്രണവും ഉൾപ്പെടെ, സർവ്വകലാശാലയുടെ ഭരണനിർവ്വഹണാധികാരം സിൻഡിക്കേറ്റിൽ നിക്ഷിപ്തമായിരിക്കുന്നതും, അങ്ങനെയുള്ള വ്യവസ്ഥകൾക്ക് വിധേയമായി, സിൻഡിക്കേറ്റിന് താഴെപ്പറയുന്ന അധികാരങ്ങൾ ഉണ്ടായിരിക്കുന്നതുമാണ്, അതായത്:—

(i) അഫിലിയേഷൻ സംബന്ധിച്ച് ഈ ആക്റ്റിലും സ്റ്റാറ്റ്യൂട്ടുകളിലും നിർണ്ണയിക്കപ്പെട്ട നിബന്ധനകൾക്കും ഉപാധികൾക്കും അനുസൃതമായി സ്ഥാപനങ്ങളെ സംയോജിപ്പിക്കുക;

(ii) സ്റ്റാറ്റ്യൂട്ടുകളും ഓർഡിനൻസുകളും ഉണ്ടാക്കുകയോ. അവ ഭേദഗതി ചെയ്യുകയോ റദ്ദാക്കുകയോ ചെയ്യുക;

(iii) xxxx

(iv) സർവ്വകലാശാലയുടെ വസ്തുവകകളും, ഫണ്ടുകളും, കൈവശം വയ്ക്കുകയും, നിയന്ത്രിക്കുകയും, ഭരിക്കുകയും ചെയ്യുക ;

(v) സർവ്വകലാശാലയുടെ പൊതുമുദ്രയുടെ രൂപവും സൂക്ഷിപ്പും, ഉപയോഗവും സംബന്ധിച്ച് നിർദ്ദേശം നൽകുക;

(vi) ക്യാമ്പസുകളുടെയും കോളേജുകളുടെയും ഹോസ്റ്റലുകളുടെയും മറ്റു സ്ഥാപനങ്ങളുടെയും പരിശോധനയ്ക്കുള്ള ഏർപ്പാട് ചെയ്യുകയും നിർദ്ദേശം നൽകുകയും, ആ ആവശ്യത്തിന് ഒരു പരിശോധന ബോർഡ് രൂപീകരിക്കുയും ചെയ്യുക;

(vii) അപ്പപ്പോൾ അതിന് ആവശ്യമെന്ന് തോന്നുന്ന കോളേജുകളും ഗവേഷണ സ്ഥാപനങ്ങളും മറ്റ് ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളും സ്ഥാപിക്കുകയും സംരക്ഷിക്കുകയും അവയുടെ ഭരണ നിർവ്വഹണം നടത്തുകയും ചെയ്യുക;

(viii) സർവ്വകലാശാല അദ്ധ്യാപകരെയും, മറ്റു ജീവനക്കാരെയും നിയമിക്കുകയും അവരുടെ കർത്തവ്യങ്ങൾ നിർണ്ണയിക്കുകയും ചെയ്യുക;

(ix) ഭരണപരവും, മിനിസ്റ്റീരിയൽപരവും മറ്റാവശ്യമുള്ള തസ്തികകളും സൃഷ്ടിക്കുക;

എന്നാൽ, തസ്തിക സൃഷ്ടിക്കുന്നതുമൂലം ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുള്ള തുകയിൽ കൂടുതൽ ചെലവ് ഉണ്ടാകുമെങ്കിൽ അങ്ങനെയുള്ള യാതൊരു തസ്തികയും സർക്കാരിന്റെ മുൻകൂട്ടിയുള്ള അംഗീകാരം കൂടാതെ സിൻഡിക്കേറ്റ് സൃഷ്ടിക്കാൻ പാടുള്ളതല്ല;

(x) സർവ്വകലാശാലയിലെ അദ്ധ്യാപകരെയും മറ്റു ജീവനക്കാരെയും അവർക്ക് പറയുവാനുള്ളത് പറയാൻ അവർക്ക് ന്യായമായ അവസരം നൽകിയതിന് ശേഷം സസ്പെന്റ് ചെയ്യുകയോ, ഡിസ്ചാർജ്ജ് ചെയ്യുകയോ, പിരിച്ചുവിടുകയോ അല്ലെങ്കിൽ അവർക്കെതിരെ മറ്റു വിധത്തിൽ ഏതെങ്കിലും അച്ചടക്ക നടപടി എടുക്കുകയോ ചെയ്യുക ;

(xi) സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതിയോടുകൂടി, സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്ത കോളേജുകളിലെ വിദ്യാർത്ഥികൾ കൊടുക്കേണ്ട ഫീസ് നിശ്ചയിക്കുകയും ക്രമീകരിക്കുകയും ചെയ്യുക;

(xii) ഫെല്ലോഷിപ്പുകൾ, സ്കോളർഷിപ്പുകൾ, സ്റ്റുഡന്റ്ഷിപ്പുകൾ, ബർസറികൾ, മെഡലുകൾ, സമ്മാനങ്ങൾ എന്നിവ നൽകുക;

(xiii) വിദ്യാർത്ഥികളുടെ താമസവും അച്ചടക്കവും സംബന്ധിച്ച മേൽനോട്ടവും നിയന്ത്രണവും നടത്തുക;

(xiv) സർവ്വകലാശാലയുടെ ധനപരമായ എസ്റ്റിമേറ്റുകൾ, പരിഗണിക്കുകയും ഇക്കാര്യത്തിലേക്ക് ഉണ്ടാക്കിയിട്ടുള്ള സ്റ്റാറ്റ്യൂട്ടുകളിലെ വ്യവസ്ഥകൾ അനുസരിച്ച് അവ സെനറ്റിന് സമർപ്പിക്കുകയും ചെയ്യുക;

(xv) സർവ്വകലാശാല പരീക്ഷകൾ നടത്തുകയും, അവയുടെ ഫലങ്ങൾ അംഗീകരിക്കുകയും, പ്രസിദ്ധീകരിക്കുകയും ചെയ്യുക ;

(xvi) പഠനബോർഡുകളിൽ അംഗങ്ങളെ നിയമിക്കുക ;

(xvii) പരീക്ഷകരുടെ പാനൽ അംഗീകരിക്കുകയും അവരുടെ വേതനം നിശ്ചയിക്കുകയും ചെയ്യുക;

(xviii) സ്വകാര്യ കോളേജുകളിലെ അദ്ധ്യാപകരുടെ നിയമനം അംഗീകരിക്കുക;

(xix) വൈസ് ചാൻസലർക്കോ അതിലെ അംഗങ്ങളുടെ ഇടയിൽ നിന്ന് നിയമിക്കപ്പെട്ട ഒരു കമ്മിറ്റിക്കോ അതിന്റെ അധികാരങ്ങൾ ഏതെങ്കിലും പ്രത്യായോജനം ചെയ്യുക;

(xx) സ്വകാര്യ കോളേജുകളുടെ കാര്യങ്ങൾ സംബന്ധിച്ച് അന്വേഷണത്തിന് ഏർപ്പാടു ചെയ്യുകയും നിർദ്ദേശം നൽകുകയും ചെയ്യുക, അവയുടെ കാര്യക്ഷമത നിലനിർത്തുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുക, അവയിലെ ജീവനക്കാർക്ക് ശരിയായ സേവന വ്യവസ്ഥകൾ ഉറപ്പുവരുത്തുന്നതിനും അവർക്ക് മതിയായ ശമ്പളം ലഭ്യമാക്കുന്നതിനും വേണ്ടി നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുക, അങ്ങനെയുള്ള നിർദ്ദേശങ്ങൾ അവഗണിക്കുന്ന സംഗതിയിൽ സംയോജനമോ അംഗീകാരമോ സംബന്ധിച്ച് വ്യവസ്ഥകൾ ഭേദഗതി ചെയ്യുകയോ അതിലേക്ക് യുക്തമെന്ന് അതിനുതോന്നുന്ന മറ്റ് നടപടികൾ സ്വീകരിക്കുകയോ ചെയ്യുക;

(xxi) സർവ്വകലാശാലയുടെ ഏതെങ്കിലും പരീക്ഷയിൽ ഏതെങ്കിലും വിദ്യാർത്ഥിയുടെ പരീക്ഷാഫലം തടഞ്ഞ് വെയ്ക്കുകയോ റദ്ദാക്കുകയോ ചെയ്യുക;

(xxii) എൻഡോവ്മെന്റുകളും ഒസ്യത്തുകളും സംഭാവനകളും ജംഗമമോ സ്ഥാവരമോ ആയ ഏതെങ്കിലും വസ്തുക്കളുടെ കൈമാറ്റവും സർവ്വകലാശാലയുടെ പേർക്ക് സർവ്വകലാശാലയ്ക്ക് വേണ്ടി സ്വീകരിക്കുക:

എന്നാൽ, അങ്ങനെയുള്ള എൻഡോവ്മെന്റുകളും, ഒസ്യത്തുകളും, സംഭാവനകളും, കൈമാറ്റങ്ങളും സെനറ്റിലേക്ക് അതിന്റെ അടുത്ത യോഗത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്;

(xxiii) 5-ാം വകുപ്പിലെ (27)-ാം ഖണ്ഡത്തിൻ കീഴിലുള്ള സർവ്വകലാശാലയുടെ അധികാരങ്ങൾ വിനിയോഗിക്കുക;

(xxiv) സർവ്വകലാശാല ഏതെല്ലാം ബിരുദങ്ങളും ഡിപ്ലോമകളും മറ്റു അക്കാദമിക ബഹുമതികളും നൽകണമെന്ന് തീരുമാനിക്കുക;

(xxv) അക്കാഡമിക് കൗൺസിൽ പാസ്സാക്കിയ ഏതെങ്കിലും റഗുലേഷൻ, സിൻഡിക്കേറ്റിലെ ആകെയുള്ള അംഗങ്ങളുടെ ഭൂരിപക്ഷവും സന്നിഹിതരാവുകയും വോട്ടുചെയ്യുകയും ചെയ്യുന്ന അംഗങ്ങളുടെ മൂന്നിൽ രണ്ട് ഭാഗത്തിൽ കുറയാത്ത ഭൂരിപക്ഷവും മൂലം റദ്ദുചെയ്യുകയോ ഭേദഗതി വരുത്തുകയോ ചെയ്യുക:

എന്നാൽ, നിർദ്ദിഷ്ട റദ്ദാക്കലിൻമേലോ ഭേദഗതിയിൻമേലോ അക്കാഡമിക് കൗൺസിലിന് അതിന്റെ അഭിപ്രായം പറയാൻ ന്യായമായ ഒരവസരം നൽകാതെ സിൻഡിക്കേറ്റ് യാതൊരു റഗുലേഷനും റദ്ദുചെയ്യാനോ ഭേദഗതി വരുത്താനോ പാടുള്ളതല്ല;

(xxvi) ആവശ്യമെന്ന് കരുതുന്ന പ്രൊഫസർഷിപ്പുകൾ, റീഡർഷിപ്പുകൾ, ലക്ചറർഷിപ്പുകൾ എന്നിവയും അപ്രകാരമുള്ള മറ്റ് അദ്ധ്യാപക അഥവാ ഗവേഷണ തസ്തികകളും ഏർപ്പെടുത്തുക:

എന്നാൽ, സിൻഡിക്കേറ്റ് യാതൊരു പ്രൊഫസർഷിപ്പോ, റീഡർഷിപ്പോ, ലക്ചറർഷിപ്പോ, മറ്റ് അദ്ധ്യാപക അഥവാ ഗവേഷണ തസ്തികയോ, അത് ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുള്ളതിൽ അധികം ചെലവ് വരുന്നതാണെങ്കിൽ, സർക്കാരിന്റെ മുൻകൂട്ടിയുള്ള അംഗീകാരം കൂടാതെ ഏർപ്പെടുത്താൻ പാടുള്ളതല്ല;

(xxvii) സർവ്വകലാശാല ജീവനക്കാരുടെ സേവനവേതന വ്യവസ്ഥകൾ സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതിയോടുകൂടി നിർണ്ണയിക്കുക;

(xxviii) സ്വകാര്യകോളേജുകളിലെ അദ്ധ്യാപകരുടേയും അദ്ധ്യാപകേതര ജീവനക്കാരുടെയും വേതനവും അവരുടെ ചുമതലകളും സേവന വ്യവസ്ഥകളും സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതിയോടുകൂടി ക്രമീകരിക്കുക;

(xxix) സ്റ്റാറ്റ്യൂട്ടുകളിലെ വ്യവസ്ഥകളനുസരിച്ച് ബജറ്റ് തയ്യാറാക്കുക;

(xxx) സ്റ്റാറ്റ്യൂട്ടുകളിലെ വ്യവസ്ഥകൾക്കനുസൃതമായി, ഏതെങ്കിലും വ്യക്തിക്ക് നൽകിയിട്ടുള്ള ഏതെങ്കിലും ബിരുദമോ ഡിപ്ലോമയോ ബഹുമതിയോ മറ്റു ഡിസ്റ്റിംഗ്ഷനോ റദ്ദാക്കുക;

(xxxi) കമ്മിറ്റികളെ നിയമിക്കുകയും അതിന് യുക്തമെന്ന് തോന്നുന്ന ചുമതലകൾ അവയ്ക്ക് ഏൽപ്പിച്ചുകൊടുക്കുകയും ചെയ്യുക;

(xxxii) സർവ്വകലാശാലയുടെ അധികാരസ്ഥാനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പിന്റെ രീതിയും സർവ്വകലാശാലയുടെ സെനറ്റിന്റെയും സിൻഡിക്കേറ്റിന്റെയും മറ്റു അധികാരസ്ഥാനങ്ങളുടെയും യോഗങ്ങളിലെ നടപടിക്രമവും സർവ്വകലാശാലയുടെ സെനറ്റ് ഒഴികെയുള്ള അധികാരസ്ഥാനങ്ങളുടെ കാര്യനിർവ്വഹണത്തിന് ആവശ്യമായ അംഗങ്ങളുടെ കോറവും ക്രമീകരിക്കുന്നതിനുള്ള സ്റ്റാറ്റ്യൂട്ടുകൾ ഉണ്ടാക്കുക ;

(xxxiii) സർവ്വകലാശാലയുടെ പരിധിക്കുള്ളിലെ ഏതെങ്കിലും പ്രദേശത്തിനെ ഒരു സർവ്വകലാശാല കേന്ദ്രമായി അംഗീകരിക്കുന്നതിന് സർക്കാരിനോട് ശുപാർശ ചെയ്യുക ;

(xxxiv) നിർണ്ണയിക്കപ്പെടാവുന്ന വിധത്തിലും അങ്ങനെയുള്ള ആവശ്യങ്ങൾക്കും വേണ്ടി മറ്റ് സർവ്വകലാശാലകളുമായും മറ്റ് അധികാരസ്ഥാനങ്ങളുമായും സഹകരിക്കുക;

(xxxv) ഈ ആക്റ്റും സ്റ്റാറ്റ്യൂട്ടുകളും ഓർഡിനൻസുകളും ചട്ടങ്ങളും ബൈലാകളും ഉത്തരവുകളും പ്രകാരം നിർണ്ണയിക്കപ്പെടാവുന്ന മറ്റ് അധികാരങ്ങൾ വിനിയോഗിക്കുകയും മറ്റു കർത്തവ്യങ്ങൾ നിർവ്വഹിക്കുകയും ചെയ്യുക.

** ** ** **

# 2010-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല ആക്റ്റിൽ നിന്നുള്ള പ്രസക്തഭാഗങ്ങൾ (2011-ലെ 3)

** ** ** **

25. <u>ബോർഡ് ഓഫ് മാനേജ്മെന്റിലെ അംഗങ്ങളുടെ കാലാവധി</u>.—(1) ബോർഡ് ഓഫ് മാനേജ്മെന്റിലെ എക്സ്-ഒഫീഷ്യോ അംഗങ്ങൾ അല്ലാതെയുള്ള അംഗങ്ങളുടെ ഔദ്യോഗിക കാലാവധി മൂന്നുവർഷം ആയിരിക്കുന്നതാണ്.

(2) ബോർഡ് ഓഫ് മാനേജ്മെന്റ് വർഷത്തിൽ കുറഞ്ഞത് നാലു പ്രാവശ്യമെങ്കിലും യോഗം ചേരേണ്ടതാണ്. തുടർച്ചയായ രണ്ട് യോഗങ്ങൾക്കിടയിലുള്ള കാലദൈർഘ്യം മൂന്നുമാസം കവിയാൻ പാടില്ലാത്തതാണ്.

(3) ബോർഡ് ഓഫ് മാനേജ്മെന്റ് രൂപീകരണ രീതിയും നടപടിക്രമവും അംഗങ്ങളുടെ നാമനിർദ്ദേശവും കാലാവധിയും സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം ആയിരിക്കുന്നതാണ്.

(4) ബോർഡ് ഓഫ് മാനേജ്മെന്റിന്റെ യോഗത്തിനുള്ള ക്വാറം ബോർഡ് ഓഫ് മാനേജ്മെന്റിലെ അംഗങ്ങളുടെ നാലിൽ ഒന്ന് ആയിരിക്കുന്നതാണ്.

** ** ** **

26. <u>ബോർഡ് ഓഫ് മാനേജ്മെന്റിന്റെ അധികാരങ്ങളും കർത്തവ്യങ്ങളും</u>.—(1) ബോർഡ് ഓഫ് മാനേജ്മെന്റ്, സർവ്വകലാശാലയുടെ മുഖ്യ കാര്യനിർവ്വഹണ നികായം ആയിരിക്കേണ്ടതും ഈ ആക്റ്റിലെയും സ്റ്റാറ്റ്യൂട്ടുകളിലെയും വ്യവസ്ഥകൾക്കു വിധേയമായി സർവ്വകലാശാലയുടെ സ്ഥാപനങ്ങളിൻമേലുള്ള പൊതുമേൽനോട്ടവും നിയന്ത്രണവും ഉൾപ്പെടെയുള്ള സർവ്വകലാശാലയുടെ കാര്യനിർവ്വഹണാധികാരങ്ങൾ ബോർഡ് ഓഫ് മാനേജ്മെന്റിൽ നിക്ഷിപ്തമായിരിക്കുന്നതുമാണ്.

(2) ബോർഡ് ഓഫ് മാനേജ്മെന്റിന്,—

(i) ഓർഡിനൻസുകൾ ഉണ്ടാക്കുവാനും, ഭേദഗതി ചെയ്യുവാനും റദ്ദാക്കുവാനും;

(ii) കോളേജുകളുടെയും ഹോസ്റ്റലുകളുടേയും മറ്റു സ്ഥാപനങ്ങളുടെയും പരിശോധന ഒരുക്കുവാനും നിർദ്ദേശിക്കുവാനും;

(iii) സർവ്വകലാശാലയുടെ സ്വത്തുക്കളും ഫണ്ടുകളും കൈവശം വയ്ക്കുവാനും നിയന്ത്രിക്കുവാനും ഭരണ നടത്തുവാനും;

(iv) കാലകാലങ്ങളിൽ, അത് ആവശ്യമെന്നു കരുതാവുന്ന കോളേജുകളും ഗവേഷണ സ്ഥാപനങ്ങളും ഉന്നതപഠനത്തിനുള്ള മറ്റു സ്ഥാപനങ്ങളും സ്ഥാപിക്കുവാനും പരിപാലിക്കുവാനും നടത്തുവാനും;

(v) സർവ്വകലാശാലയുടെ അദ്ധ്യാപകരെയും മറ്റു ജീവനക്കാരെയും നിയമിക്കുവാനും അവരുടെ കർത്തവ്യങ്ങൾ നിർണ്ണയിക്കുവാനും;

(vi) സർവ്വകലാശാലയ്ക്ക് വേണ്ടി കരാറുകളിൽ ഏർപ്പെടുവാനും;

(vii) അഡ്മിനിസ്ട്രേറ്റീവും മിനിസ്റ്റീരിയലും മറ്റ് ആവശ്യമായതുമായ തസ്തികകൾ സൃഷ്ടിക്കുവാനും;

(viii) സർവ്വകലാശാലയിലെ അദ്ധ്യാപകരേയും മറ്റു ജീവനക്കാരേയും അവർക്ക് അവരുടെ നിലപാട് വ്യക്തമാക്കുവാൻ ന്യായമായ അവസരം നൽകിയശേഷം സസ്പെന്റ് ചെയ്യുവാനും ഡിസ്മിസ് ചെയ്യുവാനും പിരിച്ചുവിടുവാനും അല്ലെങ്കിൽ മറ്റു വിധത്തിൽ അവർക്കെതിരെ ഏതെങ്കിലും അച്ചടക്കനടപടി സ്വീകരിക്കുവാനും;

(ix) ഫെല്ലോഷിപ്പുകളും, സ്കോളർഷിപ്പുകളും, സ്റ്റുഡന്റ്ഷിപ്പുകളും, സമ്മാനിക്കുവാനും;

(x) വിദ്യാർത്ഥികളുടെ വാസസ്ഥലത്തിന്റേയും അച്ചടക്കത്തിന്റേയും മേൽനോട്ടവും നിയന്ത്രണവും നിർവ്വഹിക്കുവാനും;

(xi) സർവ്വകലാശാലയുടെ ധനകാര്യഎസ്റ്റിമേറ്റുകൾ പരിഗണിക്കുവാനും സ്റ്റാറ്റ്യൂട്ടുകളിൽ ഇതിലേക്കായി ഉണ്ടാക്കിയിട്ടുള്ള വ്യവസ്ഥകൾക്കനുസൃതമായി അവയെ മാനേജ്മെന്റ് കൗൺസിലിന് സമർപ്പിക്കുവാനും ;

(xii) സർവ്വകലാശാല പരീക്ഷകൾ നടത്തുവാനും അവയുടെ പരീക്ഷാഫലങ്ങൾ അംഗീകരിക്കുവാനും പ്രസിദ്ധീകരിക്കുവാനും;

(xiii) ബോർഡ് ഓഫ് സ്റ്റഡീസിലെ അംഗങ്ങളെ നിയമിക്കുവാനും;

(xiv) പരീക്ഷകരുടെ പാനൽ അംഗീകരിക്കുവാനും അവരുടെ വേതനം നിശ്ചയിക്കുവാനും;

(xv) അതിന്റെ അധികാരങ്ങളിൽ ഏതെങ്കിലും വൈസ് ചാൻസലർക്കോ അതിന്റെ അംഗങ്ങൾക്കിടയിൽനിന്നും നിയമിക്കപ്പെട്ട ഒരു കമ്മിറ്റിക്കോ ഏൽപ്പിച്ചു കൊടുക്കുവാനും;

(xvi) ഏതെങ്കിലും സർവ്വകലാശാല പരീക്ഷയിൽ ഏതെങ്കിലും വിദ്യാർത്ഥിയുടെ പരീക്ഷാഫലം തടഞ്ഞുവയ്ക്കുവാനും അല്ലെങ്കിൽ റദ്ദാക്കുവാനും;

(xvii) സർവ്വകലാശാലയ്ക്കുള്ള എൻഡോവ്മെന്റുകളും, ഒസ്യത്തും സംഭാവനകളും, സ്ഥാവരമോ ജംഗമമോ ആയ വസ്തുക്കളുടെ കൈമാറ്റങ്ങളും അതിനുവേണ്ടി സ്വീകരിക്കുവാനും എന്നാൽ അങ്ങനെയുള്ള എല്ലാ എൻഡോവ്മെന്റുകളും ഒസ്യത്തും സംഭാവനകളും കൈമാറ്റങ്ങളും മാനേജ്മെന്റ് കൗൺസിലിന് അതിന്റെ അടുത്ത യോഗത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്;

(xviii) ഈ ആക്റ്റിനാലോ, സ്റ്റാറ്റ്യൂട്ടുകളാലോ, ഓർഡിനൻസുകളാലോ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള മറ്റ് അധികാരങ്ങൾ വിനിയോഗിക്കുകയും അങ്ങനെയുള്ള മറ്റ് കർത്തവ്യങ്ങൾ നിർവ്വഹിക്കുവാനും;

(xix) ഇൻഡ്യൻ വെറ്ററിനറി കൗൺസിൽ നിർണ്ണയിക്കുന്ന അങ്ങനെയുള്ള അധികാരങ്ങൾ വിനിയോഗിക്കുവാനും, അധികാരം ഉണ്ടായിരിക്കുന്നതാണ്.

** ** ** **

# 2010-ലെ കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാല ആക്റ്റിൽ നിന്നുള്ള പ്രസക്തഭാഗങ്ങൾ
# (2011-ലെ 4)

** ** ** **

23. ഗവേണിംഗ് കൗൺസിലിന്റെ അധികാരങ്ങൾ.—ഗവേണിംഗ് കൗൺസിൽ, ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിധേയമായി, ഇനി പറയുന്ന അധികാരങ്ങൾ വിനിയോഗിക്കേണ്ടതാണ്:

(i) ചാൻസലറുടെ അംഗീകാരത്തിന് വിധേയമായി സ്റ്റാറ്റ്യൂട്ടുകൾ ഉണ്ടാക്കുക;

(ii) ഓർഡിനൻസുകൾ ഉണ്ടാക്കുക;

(iii) സർവ്വകലാശാലയുടെ സ്വത്തുക്കളും ഫണ്ടുകളും കൈവശം വയ്ക്കലും അവയുടെ നിയന്ത്രണവും ഭരണവും നടത്തുക;

(iv) സ്റ്റാറ്റ്യൂട്ടുകളിലെ വ്യവസ്ഥകൾക്ക് അനുസൃതമായി സർവ്വകലാശാലയുടെ ബഡ്ജറ്റും ധനപരമായ കണക്കും പരിഗണിക്കുകയും പാസ്സാക്കുകയും ചെയ്യുക;

(v) ഈ ആക്റ്റിലും സ്റ്റാറ്റ്യൂട്ടുകളിലും വ്യവസ്ഥ ചെയ്ത പ്രകാരമുള്ള അങ്ങനെയുള്ള അഫിലിയേഷൻ നിബന്ധനകൾക്കും വ്യവസ്ഥകൾക്കും അനുസൃതമായി മെഡിക്കൽ സ്ഥാപനങ്ങളെ അഫിലിയേറ്റ് ചെയ്യുക;

(vi) അഫിലിയേറ്റ് ചെയ്ത കോളേജുകളിൽ പ്രവേശനത്തിൽ സുതാര്യതയും നീതിയുക്തമായ ഫീസ് ഘടനയും ഉറപ്പ് വരുത്തുക;

(vii) അക്കാഡമിക മികവും ഗുണനിലവാരവും ഉറപ്പുവരുത്തുന്നതിനായി അഫിലിയേറ്റ് ചെയ്ത കോളേജുകളിലും ബന്ധപ്പെട്ട സ്ഥാപനങ്ങളിലും പരിശോധന നടത്തുന്നതിന് ഇടയാക്കുക;

(viii) ഫാക്കൽറ്റി അംഗങ്ങളുടെയും സർവ്വകലാശാലയിലെ മറ്റു ജീവനക്കാരുടെയും നിയമനം അംഗീകരിക്കുകയും അവരുടെ കർത്തവ്യങ്ങൾ നിർണ്ണയിക്കുകയും ചെയ്യുക;

(ix) സർവ്വകലാശാലയുടെ ലക്ഷ്യങ്ങൾ സാക്ഷാത്ക്കരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുക;

(x) സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്ത കോളേജുകളിലെ വിദ്യാർത്ഥികൾ നൽകേണ്ടതായ ഫീസ് നിശ്ചയിക്കുകയും ക്രമപ്പെടുത്തുകയും ചെയ്യുക;

(xi) അഫിലിയേറ്റ് ചെയ്ത കോളേജുകളിലെ ജീവനക്കാരുടെയും വിദ്യാർത്ഥികളുടെയും അച്ചടക്കത്തിന്റെ മേൽനോട്ടം വഹിക്കുകയും നിയന്ത്രിക്കുകയും ചെയ്യുക;

(xii) സർവ്വകലാശാലാ പരീക്ഷകൾ നടത്തുന്നതിനും ഫലം പ്രസിദ്ധീകരിക്കുന്നതിനും ഉള്ള നടപടിക്രമം നിർണ്ണയിക്കുന്ന പരീക്ഷാ മാന്വൽ തയ്യാറാക്കുകയോ ഭേദഗതി വരുത്തുകയോ ചെയ്യുക;

(xiii) അഫിലിയേറ്റ് ചെയ്ത കോളേജുകളോ സ്ഥാപനങ്ങളോ നടത്തുന്ന ഇന്റേണൽ അസസ്സ്മെന്റുകളും മറ്റ് മൂല്യനിർണ്ണയ നടപടികളും ക്രമപ്പെടുത്തുക;

(xiv) പഠനബോർഡിലെ അംഗങ്ങളെ, അവരുടെ യോഗ്യതകളുടെയും അക്കാഡമിക് നിലവാരത്തിന്റെയും അടിസ്ഥാനത്തിൽ നിയമിക്കുക;

(xv) സർക്കാരിന്റെ ഡയറക്ട് പേയ്മെന്റ് സിസ്റ്റത്തിൻ കീഴിൽ സ്വകാര്യ-എയ്ഡഡ് കോളേജുകളിലെ അദ്ധ്യാപകരുടെ നിയമനം അംഗീകരിക്കുക;

(xvi) അഫിലിയേറ്റ് ചെയ്ത കോളേജുകളിലെയോ സ്ഥാപനങ്ങളിലെയോ അക്കാഡമിക് നിലവാരവും സേവന നിലവാരവും നിലനിർത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുക;

(xvii) അക്കാഡമിക് കൗൺസിലിന്റെ ശുപാർശയിന്മേൽ സ്കൂളുകളും, വകുപ്പുകളും, കോളേജുകളും, കേന്ദ്രങ്ങളും, ഉപരി പഠനത്തിനുള്ള സ്ഥാപനങ്ങളും ഗവേഷണം, പ്രത്യേക പഠനങ്ങൾ എന്നിവയ്ക്കുള്ള സ്ഥാപനങ്ങളും സ്ഥാപിക്കുക;

(xviii) സർവ്വകലാശാലയുടെ വസ്തുവകകളും സ്വത്തുക്കളും കൈവശം വയ്ക്കുകയും നിയന്ത്രിക്കുകയും അവയുടെ ഭരണനിർവ്വഹണത്തിന് വേണ്ടി ഏർപ്പാട് ചെയ്യുകയും ചെയ്യുക;

(xix) ഫൈനാൻസ് കമ്മിറ്റിയിൽനിന്ന് ലഭിച്ച പ്രകാരമുള്ള ബഡ്ജറ്റ് എസ്റ്റിമേറ്റുകൾ, അതിന്റെതന്നെ ഭേദഗതികൾ എന്തെങ്കിലും ഉണ്ടെങ്കിൽ, അവയോടുകൂടി അംഗീകരിക്കുക;

(xx) സർവ്വകലാശാലയുടെ പൊതുമുദ്രയുടെ രൂപം നിർണ്ണയിക്കുകയും അതിന്റെ സൂക്ഷിപ്പിനും ഉപയോഗത്തിനും വ്യവസ്ഥ ചെയ്യുക;

(xxi) സർവ്വകലാശാലയ്ക്കുവേണ്ടി ഏതെങ്കിലും സ്ഥാവരമോ ജംഗമമോ ആയ വസ്തുവകകൾ ആർജിക്കുക;

(xxii) സർവ്വകലാശാലയ്ക്കുവേണ്ടി ഏതെങ്കിലും ജംഗമ വസ്തുവും, വില്പനയിലൂടെയോ മറ്റു രീതിയിലോ കൈമാറ്റം ചെയ്യുക;

(xxiii) സർക്കാരിന്റെ നയങ്ങൾക്ക് വിധേയമായും, സ്റ്റാറ്റ്യൂട്ടുകളിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരവും, സർവ്വകലാശാലയ്ക്കുവേണ്ടി, ഫൈനാൻസ് കമ്മിറ്റി ശുപാർശ ചെയ്തതുപോലെ കടം വാങ്ങുകയോ കടം കൊടുക്കുകയോ ഫണ്ടുകൾ നിക്ഷേപിക്കുകയോ ചെയ്യുക;

(xxiv) സർവ്വകലാശാലയുടെ അധീനതയിലുള്ള ഫണ്ടുകൾ നിർദ്ദിഷ്ട ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതിനുള്ള നയം രൂപീകരിക്കുക;

(xxv) സർവ്വകലാശാലയുടെ ജോലി നിർവ്വഹണത്തിന് ആവശ്യമുള്ളതായ കെട്ടിടങ്ങളും, പരിസരവും, ഫർണീച്ചറും, പരീക്ഷണ സാമഗ്രികളും സജ്ജീകരണങ്ങളും ഉപകരണങ്ങളും മറ്റു സാമഗ്രികളും ലഭ്യമാക്കുകയും വിദ്യാർത്ഥികൾക്ക് ഹോസ്റ്റലും ജീവനക്കാർക്ക് താമസസൗകര്യവും ഏർപ്പെടുത്തുക;

(xxvi) ഓണററി ഡിഗ്രികളും അക്കാഡമിക് ബഹുമതികളും നൽകുന്നതിന് സെനറ്റിനോട് ശുപാർശ ചെയ്യുക;

(xxvii) സ്റ്റാറ്റ്യൂട്ടുകളിലോ ഓർഡിനൻസുകളിലോ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം അക്കാഡമിക് കൗൺസിൽ ശുപാർശ ചെയ്തപോലെ അങ്ങനെയുള്ള ഡിഗ്രികളും ഡിപ്ലോമകളും സർട്ടിഫിക്കറ്റുകളും മറ്റ് അക്കാഡമിക് ബഹുമതികളും ഏർപ്പെടുത്തുകയും നൽകുകയും അവ നൽകുന്നതിനുള്ള ബിരുദദാന സമ്മേളനത്തിനുള്ള ക്രമീകരണങ്ങൾ നടത്തുകയും ചെയ്യുക;

(xxviii) ഫെല്ലോഷിപ്പുകളും, ട്രാവലിംഗ് ഫെല്ലോഷിപ്പുകളും, സ്കോളർഷിപ്പുകളും, സ്റ്റുഡന്റ്സ്ഷിപ്പുകളും, അവാർഡുകളും, മെഡലുകളും, സമ്മാനങ്ങളും അതിലേയ്ക്കായി ഉണ്ടാക്കിയ റഗുലേഷനുകൾ അനുസരിച്ച്, ഏർപ്പെടുത്തുക;

(xxix) പ്ലാനിംഗ് കമ്മിറ്റി ശുപാർശ ചെയ്യുന്ന, പരസ്പര ഗുണകരമായ അക്കാഡമിക് പ്രോഗ്രാമുകൾക്കായി മറ്റു സർവ്വകലാശാലകൾ, സ്ഥാപനങ്ങൾ, സംഘടനകൾ എന്നിവയുമായി സഹപ്രവർത്തനത്തിനു വേണ്ടതായ റഗുലേഷനുകൾ ഉണ്ടാക്കുക;

(xxx) സംസ്ഥാന സർക്കാരിന്റെ മുൻകൂട്ടിയുള്ള അംഗീകാരത്തോടുകൂടി, ആവശ്യമുള്ളപ്പോഴെല്ലാം, അക്കാഡമിക് കൗൺസിലിന്റെ ശുപാർശയിന്മേൽ സർവ്വകലാശാല അദ്ധ്യാപകരുടെയും നോൺ-വെക്കേഷൻ അക്കാഡമിക് ജീവനക്കാരുടെയും തസ്തികകൾ സൃഷ്ടിക്കുക;

(xxxi) സംസ്ഥാന സർക്കാർ, കാലാകാലങ്ങളിൽ അംഗീകരിച്ച യോഗ്യതകളുടെയും സേവന വേതന വ്യവസ്ഥകളുടെയും നിബന്ധനകളുടെയും മറ്റ് മാർഗ്ഗനിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ, സർവ്വകലാശാല അദ്ധ്യാപകരുടെയും നോൺ-വെക്കേഷൻ അക്കാഡമിക് ജീവനക്കാരുടെയും നിയമനത്തിനുള്ള നടപടി ക്രമങ്ങളും അവരുടെ വേതനം, ജോലിഭാരത്തിന്റെ തോത്, പെരുമാറ്റം, അച്ചടക്കം എന്നിവ സ്റ്റാറ്റ്യൂട്ടുകളാൽ നിശ്ചയിക്കുക;

(xxxii) സംസ്ഥാന സർക്കാരിന്റെ മുൻകൂട്ടിയുള്ള അംഗീകാരത്തോടുകൂടി സർവ്വകലാശാലയിലെ ഉദ്യോഗസ്ഥരുടെയും മറ്റു ജീവനക്കാരുടെയും സ്ഥിരം തസ്തികകൾ സൃഷ്ടിക്കുക;

(xxxiii) സർവ്വകലാശാലയിലെ ഉദ്യോഗസ്ഥരുടെയും മറ്റു ജീവനക്കാരുടെയും നിയമനത്തിനുള്ള നടപടിക്രമങ്ങൾ, യോഗ്യതകൾ, നിയമനരീതി, ശമ്പള സ്കെയിലുകൾ, അവരുടെ പെരുമാറ്റം, അച്ചടക്കം, കർത്തവ്യങ്ങൾ എന്നിവ ഉൾപ്പെടെ സേവനവേതന വ്യവസ്ഥകൾ സ്റ്റാറ്റ്യൂട്ടുകളിലൂടെ നിശ്ചയിക്കുക;

(xxxiv) സ്വകാര്യ, അഫിലിയേറ്റ് ചെയ്ത കോളേജുകളുടെ കാര്യങ്ങൾ സംബന്ധിച്ച് അന്വേഷണത്തിന് ഏർപ്പാട് ചെയ്യുകയും നിർദ്ദേശം നൽകുകയും സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള എല്ലാ സ്ഥാപനങ്ങളിലെയും കോളേജുകളിലെയും അദ്ധ്യാപകരുടെയും ഉദ്യോഗസ്ഥരുടെയും മറ്റ് ജീവനക്കാരുടെയും ശരിയായ സേവന വ്യവസ്ഥകൾ ഉറപ്പ് വരുത്തുന്നതിനും അവർക്ക് ശരിയായ ശമ്പളം ലഭ്യമാക്കുന്നതിനുംവേണ്ടി നിർദ്ദേശങ്ങൾ നൽകുന്നതിനും അങ്ങനെയുള്ള സ്ഥാപനങ്ങൾ അപ്രകാരമുള്ള നിർദ്ദേശങ്ങൾ അവഗണിക്കുന്ന സംഗതിയിൽ, അഫിലിയേഷനോ അംഗീകാരമോ സംബന്ധിച്ച വ്യവസ്ഥകൾ ഭേദഗതി ചെയ്യുകയോ ഇതിലേയ്ക്ക് യുക്തമെന്ന് അവർക്ക് തോന്നുന്ന അപ്രകാരമുള്ള മറ്റു നടപടികൾ സ്വീകരിക്കുകയോ ചെയ്യുക;

(xxxv) പേപ്പർ സെറ്റു ചെയ്യുന്നവർക്കും പരീക്ഷകർക്കും പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ട മറ്റു ജീവനക്കാർക്കും വിസിറ്റിംഗ് ഫാക്കൽറ്റികൾക്കും സർവ്വകലാശാലയ്ക്ക് നൽകപ്പെടുന്ന അത്തരം മറ്റ് സേവനങ്ങൾക്കും ഓണറേറിയവും പ്രതിഫലവും ഫീസും യാത്രാബത്തയും മറ്റു ബത്തകളും നിർണ്ണയിക്കുക;

(xxxvi) സ്റ്റാറ്റ്യൂട്ടുകളിലോ ഓർഡിനൻസുകളിലോ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം സർവ്വകലാശാലയുടെ പ്രവർത്തനം സംബന്ധിച്ച റിപ്പോർട്ട് വൈസ്-ചാൻസലറിൽ നിന്നും ആനുകാലികമായി സ്വീകരിക്കുകയും പരിഗണിക്കുകയും ചെയ്യുക;

(xxxvii) സ്റ്റാറ്റ്യൂട്ടുകൾക്കും യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷന്റെയും വിവിധ കേന്ദ്ര കൗൺസിലുകളുടെയും സംസ്ഥാന സർക്കാരിന്റെയും മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസൃതമായി, മുൻ അദ്ധ്യയന വർഷം തീരുന്നതിന് മുമ്പായി, ഓരോ അദ്ധ്യയന വർഷത്തിനും വേണ്ടി സർവ്വകലാശാലയുടെ അദ്ധ്യയന കലണ്ടർ തയ്യാറാക്കുക;

(xxxviii) സംസ്ഥാന സർക്കാർ അംഗീകരിച്ച മാനദണ്ഡങ്ങൾ എന്തെങ്കിലും ഉള്ള പക്ഷം അവയ്ക്ക് വിധേയമായും സർവ്വകലാശാല ഗ്രാന്റ്സ് കമ്മീഷന്റെ മാർഗ്ഗനിർദ്ദേശങ്ങൾ പരിഗണിച്ചുകൊണ്ടും അക്കാഡമിക് കൗൺസിലിന്റെ ശുപാർശ യിന്മേൽ സർവ്വകലാശാല വകുപ്പുകൾക്കും അഫിലിയേറ്റ് ചെയ്ത കോളേജുകൾക്കും അംഗീകൃത സ്ഥാപനങ്ങൾക്കും സ്വയംഭരണാവകാശ പദവി നൽകുക;

(xxxix) സർവ്വകലാശാലയുടെ അക്കാഡമിക് പുരോഗതികൾക്കുവേണ്ടി പ്ലാനിംഗ് കമ്മിറ്റി തയ്യാറാക്കിയ വീക്ഷണപദ്ധതി പരിഗണിക്കുക;

(xl) അക്കാഡമിക് പ്രോഗ്രാമുകൾക്കായി അക്കാഡമിക് കൗൺസിലിൽ നിന്നുള്ള നിർദ്ദേശങ്ങളുടെ പ്രായോഗികത വിലയിരുത്തുകയും അംഗീകരിക്കുകയും ചെയ്യുക;

(xli) സർവ്വകലാശാലയുടെ വാർഷിക റിപ്പോർട്ടും, വാർഷിക കണക്കുകളും, ആഡിറ്റ് റിപ്പോർട്ടുകളും പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്യുക;

(xlii) സർവ്വകലാശാലയിലെ കോളേജുകളുടെയും സ്കൂളുകളുടെയും സ്ഥാപനങ്ങളുടെയും അല്ലെങ്കിൽ വകുപ്പുകളുടെയും ശരിയായ നടത്തിപ്പ്, പ്രവർത്തനം, ധനകാര്യം എന്നിവയുമായി ബന്ധപ്പെട്ട ഏതൊരു കാര്യത്തെ സംബന്ധിച്ചും അന്വേഷണം നടത്തിക്കുന്നതിന് ഇടയാക്കുക;

(xliii) സ്റ്റാറ്റ്യൂട്ടുകളും ഓർഡിനൻസുകളും ഉണ്ടാക്കുന്നതിനുള്ള അധികാരം ഒഴികെ അതിന്റെ ഏതെങ്കിലും അധികാരങ്ങൾ വൈസ്-ചാൻസലർക്കോ അല്ലെങ്കിൽ അതിന് യുക്തമെന്ന് തോന്നുന്ന അതിനാൽ നിയമിക്കപ്പെട്ട സർവ്വകലാശാലയുടെ അങ്ങനെയുള്ള ഉദ്യോഗസ്ഥനോ അധികാരസ്ഥാനത്തിനോ കമ്മിറ്റിക്കോ ഏൽപ്പിച്ചു കൊടുക്കുക.

** ** ** **